4.	കെ.എസ്.ഇ.ബി. ഏറ്റെടുത്തു ചെയ്യാനുദ്ദേശിക്കുന്ന ചെറുകിട പദ്ധതിയിൽ 4 എണ്ണം	-	26.00 മെഗാവാട്ട്
	ആകെ	-	378.75 മെഗാവാട്ട്

താപവൈദ്യുത നിലയങ്ങൾ

1.	സിയാസിൽ എനർജി ലിമിറ്റഡ് വൈപ്പിൻ	-	679 മെഗാവാട്ട്
2.	കൊച്ചിൻ റിഫൈനറി	-	500 മെഗാവാട്ട്
	ആകെ	-	1179 മെഗാവാട്ട്

2003 - 2007 കാലഘട്ടത്തിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികളെ സംബന്ധിച്ച പഠനങ്ങൾ നടന്നുവരുന്നതേയുള്ളൂ.

(ബി) ലക്ഷ്യമിട്ടിരിക്കുന്ന പദ്ധതികളെല്ലാം യഥാസമയം പൂർത്തിയാക്കിയാൽ ഓരോ വർഷവും പ്രതീക്ഷിക്കുന്ന ആകെ സ്ഥാപിതശേഷിയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

	ജലവൈദ്യുത പദ്ധതികൾ	താപവൈദ്യുത പദ്ധതികൾ
31.3.1999-ൽ നിലവിലുള്ളത്	1706.5 മെഗാ.	337.2 മെഗാ.
1999-2000-ൽ പ്രതീക്ഷിക്കുന്നത് (31.3.2000-ൽ)	1809 മെഗാ.	741.6 മെഗാ.
2000-2001-ൽ പ്രതീക്ഷിക്കുന്നത് (31.3.2001-ൽ)	1884.35 മെഗാ.	866.6 മെഗാ.
2001-2002-ൽ പ്രതീക്ഷിക്കുന്നത് (31.3.2002-ൽ)	1922.85 മെഗാ.	1379.6 മെഗാ.
2002-2003-ൽ പ്രതീക്ഷിക്കുന്നത് (31.3.2003-ൽ)	2301.60 മെഗാ.	2558.60 മെഗാ.

113 (257) ചെറുകിട വൈദ്യുത പദ്ധതികൾ

ശ്രീ. കെ.പി. സതീശ് ചന്ദ്രൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. വി.കെ. ചന്ദ്രൻ :
ശ്രീ. സി.കെ. രാജേന്ദ്രൻ :
ശ്രീ. എം.പി. വർഗ്ഗീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ മൂന്നു വർഷക്കാലമായി സംസ്ഥാനത്ത് ചെറുകിട വൈദ്യുത പദ്ധതികൾ ആരംഭിക്കാൻ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചുവോ;

(ബി) എങ്കിൽ ഏതെല്ലാം ചെറുകിട വൈദ്യുത പദ്ധതികൾ ആരംഭിക്കാനാണ് ധാരണ ആയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(സി) ഇതിൽ ഏതെല്ലാം ചെറുകിട വൈദ്യുത പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങളാണ് ഇതിനകം ആരംഭിച്ചിരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) നിർമ്മാണ പ്രക്രിയ ആരംഭിച്ച ചെറുകിട വൈദ്യുത പദ്ധതികളുടെ നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഇ) പദ്ധതികളുടെ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് 600 മെഗാവാട്ട് ശേഷി വരുന്ന ഏകദേശം 300 ഓളം ചെറുകിട ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കാൻ സാദ്ധ്യതയുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇവയിൽ 34 എണ്ണത്തിന്റെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. 35 എണ്ണത്തിന്റെ വിശദമായ സർവ്വേ കഴിഞ്ഞു. 56 എണ്ണത്തിന്റെ പ്രാഥമിക സർവ്വേയും 41 പദ്ധതികളുടെ ഫീസിബിലിറ്റി സ്റ്റഡിയും നടത്തിയിട്ടുണ്ട്. മറ്റു പദ്ധതികൾ ഐഡന്റിഫൈ ചെയ്ത് തുടർനടപടികൾ നടന്നുവരുന്നു.

25 ചെറുകിട ജലവൈദ്യുത പദ്ധതികൾ സ്വകാര്യമേഖല/പൊതുമേഖല മുഖാന്തിരം നടപ്പിലാക്കുന്നതിന് തീരുമാനിച്ചിരുന്നു. ഇതിൽ 8 പദ്ധതികൾ നടപ്പിലാക്കുന്നതിന് 5 സ്വകാര്യ സംരംഭകരുമായി കരാറിൽ ഒപ്പുവെച്ചെങ്കിലും 4 എണ്ണത്തിൽനിന്ന് അവർ പിൻമാറുകയാണുണ്ടായത്. മറ്റു നാലെണ്ണത്തിന്റെ നടപടിക്രമങ്ങൾ നടന്നുവരുന്നു. അവ താഴെ പറയുന്നവയാണ്.

പുന്നപ്പുഴ 2.4 മെഗാവാട്ട്/6.934 മി.യു. കാന്തൻപാറ 1.20 മെഗാവാട്ട്/3.542 മി.യു. തൂവൽ 1.00 മെഗാവാട്ട്/3.00 മി.യു. കിഷുമം 3.30 മെഗാവാട്ട്/9.00 മി.യു.

മേൽപ്പറഞ്ഞ 25 ചെറുകിട പദ്ധതികളിൽ പട്ടിക-1-ൽ† പേർ പറയുന്ന 12 ചെറുകിട ജലവൈദ്യുത പദ്ധതികൾ ബോർഡ് നേരിട്ട് നടപ്പിലാക്കുന്നതിന് പിന്നീട് തീരുമാനിക്കുകയുണ്ടായി. ഇതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. മറ്റു 34 ചെറുകിട പദ്ധതികൾ സ്വകാര്യ സ്ഥാപനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സഹകരണസ്ഥാപനങ്ങൾ, എന്നിവയിലും സ്വകാര്യ സംരംഭകർ മുഖേനയും നടപ്പിലാക്കുന്നതിന് തീരുമാനിക്കുകയും പത്രപരസ്യംമൂലം അപേക്ഷകൾ സ്വീകരിക്കുകയും ചെയ്തു. അപേക്ഷകളിന്മേൽ നടപടികൾ സ്വീകരിച്ചുവരുന്നു. ഈ പദ്ധതികളെ സംബന്ധിച്ച വിവരം പട്ടിക 2-ൽ ലഭ്യമാണ്.†

ചൈനയുടെ സഹായത്തോടെ മൊത്തം 102.35 മെഗാവാട്ട് സ്ഥാപിത ശേഷിയുള്ള 16 ചെറുകിട ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള ധാരണാപത്രം ഒപ്പിടുകയും തുടർ നടപടികൾ നടന്നുവരികയും ചെയ്യുന്നു. ഇതിൽ ചെമ്പുകടവ് സ്റ്റേജ് 1.2, ഉറുമി സ്റ്റേജ് 1.2 എന്നിവ പൈലറ്റ് പ്രോജക്ടായി ഈ വർഷം തന്നെ പണി തുടങ്ങുവാനുദ്ദേശിക്കുന്നു. ഈ പദ്ധതികളെ സംബന്ധിച്ച് വിവരം പട്ടിക 3-ൽ ലഭ്യമാണ്.†

ജില്ലാ പഞ്ചായത്തു മുഖേന താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കുവാനും തീരുമാനിച്ചിട്ടുണ്ട്.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

മീൻവല്ലം 2.4 മെഗാവാട്ട് - പാലക്കാട് ജില്ലാ പഞ്ചായത്ത്, അരിപ്പാറ 3 മെഗാവാട്ട് - കോഴിക്കോട് ജില്ലാ പഞ്ചായത്ത്. അടിയൻപാറ 2.5 മെഗാവാട്ട് - മലപ്പുറം ജില്ലാ പഞ്ചായത്ത്. കലങ്കി 1 മെഗാവാട്ട് - കണ്ണൂർ ജില്ലാ പഞ്ചായത്ത്.

(സി) നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല. ചൈനീസ് സഹായത്തോടെയുള്ള പദ്ധതികളിൽ നാല് ഒപെലറ്റ് പദ്ധതികളിൽ ഒന്നായ ചെമ്പുകാവ് 1 ന്റെ ടെൻഡർ നടപടികൾ പൂർത്തിയാക്കി വരുന്നു.

(ഡി) പ്രസക്തമല്ല

(ഇ) നടപടി സ്വീകരിച്ചു വരുന്നുണ്ട്.

114 (258) വൈദ്യുതി പ്രസരണ നഷ്ടം

ശ്രീമതി ശോഭനാ ജോർജ് :
ശ്രീ. ബി. വിജയകുമാർ :
ഡോ. എം.എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി പ്രസരണനഷ്ടം കുറയ്ക്കുന്നതിന് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൈക്കൊണ്ട നടപടികളുടെ വിശദാംശം നൽകുമോ;

(ബി) ഈ നടപടികൾമൂലം പ്രസരണനഷ്ടം എത്ര ശതമാനം കണ്ട് കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്;

(സി) 1996-ൽ ഒരു യൂണിറ്റ് വൈദ്യുതിയുടെ ഉൽപ്പാദനം, പ്രസരണം, വിതരണ ചെലവ് എത്രയായിരുന്നു;

(ഡി) 1998-ൽ താപവൈദ്യുതികൂടി ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്തു തുടങ്ങിയശേഷമുള്ള ഉൽപ്പാദനം, പ്രസരണ, വിതരണ ചെലവ് എത്രയാണ്;

(ഇ) 1998-ലെയും 1999-ലെയും ഹൈഡൽ, തെർമൽ വൈദ്യുതി ഉൽപ്പാദനത്തിന്റെ അനുപാതം എത്രയാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ബി) ഈ നടപടികൾമൂലം 1995-96-ൽ 20.05 ശതമാനം ആയിരുന്ന പ്രസരണ-വിതരണ നഷ്ടം 1997-98-ൽ 17.87 ശതമാനമായി കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്.

(സി) 1995-96-ലെ കണക്കനുസരിച്ച് ഒരു യൂണിറ്റ് വൈദ്യുതിയുടെ ഉൽപ്പാദനച്ചെലവ് 10.64 പൈസയും, പ്രസരണചെലവ് 36.26 പൈസയും വിതരണ ചെലവ് 66.04 പൈസയുമാണ്.

(ഡി) 1997-98-ലെ കണക്കനുസരിച്ച് ഒരു യൂണിറ്റ് വൈദ്യുതിയുടെ ഉൽപ്പാദനച്ചെലവ് 32.95 പൈസയും പ്രസരണച്ചെലവ് 62.51 പൈസയും വിതരണചെലവ് 80.43 പൈസയുമാണ്.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly